# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 13 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മുഖ്യമന്ത്രി ഇന്ന് (ഡിസം: 14) ജില്ലയിൽ

മുഖ്യമന്ത്രി പിണറായി വിജയൻ ശനിയാഴ്ച തൃശ്ശൂരിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. വൈകിട്ട് 4.30ന് പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമ്മേളനം കാസിനോ കൾച്ചറൽ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവാസി ഡിവിഡൻഡ് പദ്ധതി വൈകിട്ട് അഞ്ചിന് തേക്കിൻകാട് മൈതാനിയിൽ സിഎംഎസ് സ ്കൂളിന് മുൻവശം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തൃശ്ശൂർ കോർപ്പറേഷന്റേയും വ്യാപാരി സമൂഹത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഹാപ്പി ഡേയ്സ് തൃശ്ശൂർ ഷോപ്പിങ് ഫെസ്റ്റിവലും വൈകിട്ട് 5.30ന് തേക്കിൻകാട് മൈതാനിയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

## കുറ്റവാളികളുടെ മാനുഷികമായ അവകാശങ്ങൾ നിഷേധിക്കില്ല: അഡ്വ. വി എസ് സുനിൽകുമാർ

കുറ്റവാളികളുടെ മാനുഷികമായ അവകാശങ്ങൾ നിഷേധിക്കില്ലെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ. വിയ്യൂർ സെൻട്രൽ ജയിലിൽ നടന്ന ജയിൽക്ഷേമ ദിനാഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുറ്റവാളികളാണെങ്കിലും അവർക്കുള്ള അവകാശങ്ങൾ ഉറപ്പ് വരുത്തും. അവരെ വിചാരണ ചെയ്ത് സത്യസന്ധമായി തന്നെ കുറ്റം തെളിയിക്കാനുള്ള അവസരം ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. ജയിൽ അന്തേവാസികളുടെ മാനസിക ഉല്ലാസവും, മന:പരിവർത്തനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി നടത്തിയ ജയിൽ ക്ഷേമ ദിനാഘോഷങ്ങൾക്കാണ് സമാപനം കുറിച്ചത്. തൃശൂർ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് വി പി എം സുരേഷ് ബാബു അധ്യക്ഷത വഹിച്ചു. വിയ്യൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോം സൂപ്രണ്ട് എൻ എസ് നിർമ്മലാനന്ദൻ നായർ, പാലക്കാട് ജില്ലാ ജയിൽ സൂപ്രണ്ട് കെ അനിൽ കുമാർ. മധ്യമേഖല റീജണൽ വെൽഫെയർ ഓഫീസർ കെ ലക്ഷ്മി, വിയ്യൂർ വനിതാ ജയിൽ സൂപ്രണ്ട് ടി ജെ ജയ, സബ് ജയിൽ സൂപ്രണ്ട് ജോൺസൻ ബേബി തുടങ്ങിയവർ പങ്കെടുത്തു. മധ്യമേഖല ഡി ഐ ജി സാം തങ്കയ്യൻ സ്വാഗതവും വിയ്യൂർ ജില്ലാ ജയിൽ സൂപ്രണ്ട് പി ജെ സലീം നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: വിയ്യൂർ സെൻട്രൽ ജയിലിൽ ജയിൽക്ഷേമ ദിനാഘോഷങ്ങളുടെ സമാപന സമ്മേളനം മന്ത്രി അഡ്വ വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.***

## ഹരിത സമൃദ്ധി: പഞ്ചായത്ത് തല ഉദ്ഘാടനം നടത്തി

സംസ്ഥാന സർക്കാർ പഞ്ചായത്തുകൾ തോറും നടപ്പാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം ശ്രീനാരായണപുരം പഞ്ചായത്തിൽ നടന്നു. അഞ്ചാം വാർഡിൽ പച്ചക്കറി തൈകളുടെ വിതരണം ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ നിർവ്വഹിച്ചു. പഞ്ചായത്തുകളിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തിലൂടെ ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്നതാണ് ലക്ഷ്യം.

ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് സൗദ നാസർ അധ്യക്ഷത വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, ഹരിത കേരള മിഷൻ റിസോഴ്സ് ചെയർപേഴ്സൺ പുരുഷോത്തമൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ആമിന അൻവർ, ജയ സുനിൽരാജ്, പനങ്ങാട് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകൻ ശ്രീജിത്ത്, സച്ചിദാനന്ദൻ, രേണുക, ബിന്ദു.പി എസ്, ഐശ്വര്യ കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. കൃഷി ഓഫീസർ ദിവ പി പി ക്ലാസ് എടുത്തു.

***അടിക്കുറിപ്പ്: ശ്രീനാരായണപുരം പഞ്ചായത്ത് ഹരിത സമൃദ്ധി പഞ്ചായത്ത്തല പ്രഖ്യാപനം യുവതരംഗം ലൈബ്രറി ഹാളിൽ ഇ .ടി. ടൈസൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു***

## 'ക്ലീൻ പുത്തൻചിറ' യിൽ ആറ് ദിവസം കൊണ്ട് നീക്കം ചെയ്തത് 111 ടൺ അജൈവ മാലിന്യങ്ങൾ

പുത്തൻചിറ പഞ്ചായത്ത് സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതിയായ 'ക്ലീൻ പുത്തൻചിറ'യുടെ ഭാഗമായി 111 ടൺ അജൈവ മാലിന്യം ശേഖരിച്ച് നീക്കം ചെയ്തു. ഏഴായിരത്തോളം വീടുകൾ, കച്ചവട സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള അജൈവ മാലിന്യമാണ് നീക്കം ചെയ്തത്. 19 ലോഡ് മാലിന്യമാണ് പഞ്ചായത്തിൽ ഇപ്രകാരം നീക്കം ചെയ്തു. പ്ലാസ്റ്റിക്, ഇ മാലിന്യം, ടൈലുകൾ, കുപ്പിച്ചില്ലുകൾ, ബാഗുകൾ, ചെരുപ്പുകൾ, സ്പോഞ്ച്, കിടക്കകൾ തുടങ്ങിയവ രീതിയിൽ നീക്കം ചെയ്തു. വാർഡ് മെമ്പർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, വ്യാപാരികൾ, തൊഴിലാളികൾ, സംഘടനകൾ, ആരോഗ്യ പ്രവർത്തകർ, നാട്ടുകാർ, എൻ.എസ്.എസ്. വിദ്യാർഥികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ പൊതു ഇടങ്ങൾ വൃത്തിയാക്കി. മുന്നൊരുക്ക യോഗങ്ങൾ, സർവേ, ചുമതല വീതിച്ചു നൽകൽ എന്നിങ്ങനെ ശക്തമായ മുന്നൊരുക്കത്തോടെയാണ് ശുചീകരണത്തിന് പഞ്ചായത്ത് തുടക്കം കുറിച്ചത്. അജൈവ മാലിന്യ ശേഖരണത്തിന്റെ പ്രചാരണത്തിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഫ്ലാഷ് മോബ്, നാടകം, ബോധവത്കരണ ക്ലാസ്സുകൾ, എന്നിവ നടന്നു. പ്രത്യേകമായി തയ്യാറാക്കിയ രണ്ടു മാലിന്യ വിരുദ്ധ ഗാനങ്ങളുമായി പാട്ടുവണ്ടി പഞ്ചായത്തിലാകെ മൂന്നു ദിവസങ്ങളിൽ പ്രചാരണം നടത്തി. വലിച്ചെറിയാതെ ചാക്കുകളിൽ വൃത്തിയായി കെട്ടി വിവിധ കേന്ദ്രങ്ങളിലായി എത്തിയ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതോടെ ക്ലീൻ പുത്തൻചിറയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി.

കുറച്ചു നാളത്തെ ഉപയോഗത്തിന് ശേഷം വലിച്ചെറിയുന്ന കളിപ്പാട്ടങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കാനായി 'കുഞ്ഞുവാവക്കൊരു കളിപ്പാട്ടം' എന്ന വ്യത്യസ്തമായ പദ്ധതിയും നടപ്പാക്കി. തുടർ പ്രവർത്തനമായി വ്യാപാരികൾ, വ്യവസായികൾ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേകം യോഗം ചേരും. പ്ലാസ്റ്റിക് കവർ ഒഴിവാക്കി തുണിസഞ്ചി പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശവും നൽകും. നിയമവശങ്ങളെ സംബന്ധിച്ച ബോധവത്കരണവും നടത്തും. മാലിന്യ നീക്കത്തിന് ശേഷവും വീടുകളിൽ എത്തുന്ന പ്ലാസ്റ്റിക്, ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ പ്രത്യേകമായി ഒരുക്കിയ കേന്ദ്രത്തിൽ എത്തിക്കുകയും അവിടെ നിന്ന് സംസ്കരണ യൂണിറ്റിലേക്ക് കൊണ്ട് പോകുകയും ചെയ്യും.

## അഭിലാഷ് ഗുരുവായൂർ മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൻ

ഗുരുവായൂർ മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സനായി അഭിലാഷ് (സിപിപിഐ) നെയാണ് തെരഞ്ഞെടുത്തു. ഗുരുവായൂർ മുനിസിപ്പാലിറ്റി 26-ാം ഡിവിഷനിൽ നിന്നുള്ള

അംഗമാണ് അഭിലാഷ്. വരണാധികാരിയായ ആർ ആർ ഡെപ്യൂട്ടി കളക്ടറാണ് പ്രഖ്യാപനം നടത്തിയത്.

# വാസ്തുശാസ്ത്ര പരിശീലനം

ആറന്മുള വാസ്തുവിദ്യ ഗുരുകുലം നടത്തുന്ന പാരമ്പര്യവാസ്തുശാസ്ത്ര ഡിപ്ലോമ കറസ്പോണ്ടൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ ആണ് യോഗ്യത. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 20. ഫോൺ: 0468 2319740, 9847053294, 9947739442.

# ഓവർസിയർ ഒഴിവ്

അന്നമനട ഗ്രാമപഞ്ചായത്ത് എംജിഎൻആർഇജിഎസ് വിഭാഗത്തിൽ ഓവർസിയർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമ അല്ലെങ്കിൽ രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമയാണ് യോഗ്യത. താൽപര്യമുള്ളവർ ഡിസംബർ 19 നകം അപേക്ഷ പഞ്ചായത്ത് ഓഫീസിൽ നൽകണം. ഫോൺ: 0480 2770024.

# ടെണ്ടർ

തൃശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ഔദ്യോഗിക ആവശ്യത്തിന് ടൂറിസ്റ്റ് / ടാക്സി പെർമിറ്റുള്ള ഒരു കാർ മാസ വാടക വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 19.

# പാലിയേക്കര ടോൾപ്ലാസ ഫാസ്റ്റ് ടാഗ്: നിലവിലുള്ള സ്ഥിതി തുടരുമെന്ന് ജില്ലാ കളക്ടർ

പാലിയേക്കര ടോൾപ്ലാസയിൽ ഡിസംബർ 15 മുതൽ ഫാസ്റ്റ് ടാഗ് സമ്പ്രദായം നിർബന്ധമാക്കുന്ന സാഹചര്യത്തിൽ പകരം സംവിധാനമൊരുക്കുന്നതു വരെ തൽസ്ഥിതി തുടരുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ്. ഇക്കാര്യത്തിൽ ഒരാഴ്ചക്കകം സർക്കാരുമായി ബന്ധപ്പെട്ട് ആലോചനായോഗം ചേരും. ഫാസ്റ്റ് ടാഗിലേക്ക് പൂർണ്ണമായും മാറുന്നതുവരെ നിലവിലുള്ള രീതിപ്രകാരം വാഹനങ്ങൾക്ക് കടന്നുപോകാം. ടോൾ പ്ലാസ ഫാസ്റ്റ് ടാഗിലേക്ക് മാറുന്നതുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലയിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഉന്നതലയോഗത്തിലാണ് കളക്ടർ തീരുമാനം അറിയിച്ചത്. പാലിയേക്കര ടോൾപ്ലാസയിൽ 24 മണിക്കൂറും പ്രത്യേക പോലീസ് ഫോഴ്സിനെ വിനിയോഗിക്കും. ടോൾപ്ലാസയ്ക്കടുത്തുള്ള പാർക്കിങ്ങ് ഒരു കിലോമീറ്റർ ദൂരത്തേയ്ക്ക് മാറ്റണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടോൾപ്ലാസയിൽ വീണ്ടും പ്രശ്നങ്ങൾ ഉയർന്നാൽ ഇരുകൂട്ടർക്കെതിരെയും കേസെടുക്കും. പത്ത് കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന പ്രാദേശവാസികൾക്ക് സൗജന്യ പാസ് സൗകര്യം നിലനിർത്തണമെന്നും ദേശീയപാതാ അതോറിറ്റിയോട് കളക്ടർ ആവശ്യപ്പെട്ടു. ശബരിമല സീസണായ സാഹചര്യത്തിൽ ടോൾപ്ലാസയിൽ അപ്പുറവും ഇപ്പുറവുമുള്ള ഓരോ വരികൾ മാത്രം പഴയ രീതിയിലെ സ്മാർട്ട് കാർഡുകാർക്ക് അനുവദിച്ചിരിക്കുന്നത് പ്രായോഗികമല്ല. പ്രായോഗികമല്ലാത്ത കാര്യങ്ങൾ ജില്ലയിൽ നടപ്പാക്കാൻ സാധിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്രസർക്കാരിന്റെ 'വൺടാഗ് -വൺ ഇന്ത്യ 'എന്ന പദ്ധതിയുടെ ഭാഗമായാണ് പാലിയേക്കരയിൽ ഫാസ്റ്റ് ടാഗ് നിർബന്ധമാക്കാൻ ദേശീയപാതാ അതോറിറ്റി തീരുമാനിച്ചത്. ഡിജിറ്റൽ പെയ്മെന്റ് രീതിയിലുള്ള ടാഗ് നടപ്പാക്കിയാൽ ഇന്ത്യയിലെ മുഴുവൻ ടോൾപ്ലാസകളിലൂടെയും യാത്ര ചെയ്യാം എന്നാണ് അധികൃതർ പറയുന്നത്. 2018 ഏപ്രിലിൽ നിലവിൽ വന്ന ഫാസ്റ്റ് ടാഗ് നിയമം 2019 നവംബർ ഒന്നോട് കൂടി കർശനമാക്കുകയായിരുന്നു. ഫാസ്റ്റ് ടാഗ് സമ്പ്രദായത്തിലേക്ക് ടോൾപ്ലാസ പൂർണമായും മാറുന്നതോടെ, പുതിയ സമ്പ്രദായത്തിലേക്ക് മാറാത്തവർക്കായി ഇരുവശത്തും രണ്ട് ട്രാക്കുകൾ സ്ഥാപിക്കാൻ ടോൾപ്ലാസ

അധികൃതർ തീരുമാനിക്കുകയായിരുന്നു. എന്നാൽ ജില്ലയിൽ 20 ശതമാനം മാത്രമാണ് ഫാസ്റ്റ് ടാഗ് സമ്പ്രദായത്തിലേക്ക് മാറിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചാണ് കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നത്. യോഗത്തിൽ ചാലക്കുടി എംഎൽഎ ബി ഡി ദേവസ്സി, കൃഷി വകുപ്പ് മന്ത്രി വി എസ് സുനിൽകുമാർ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്, ചാലക്കുടി എം പി ബെന്നി ബെഹനാൻ എന്നിവരുടെ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, തദ്ദേശസ്വയംഭരണവകുപ്പ് ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, ദേശീയപാതാ അതോറിറ്റി ഉദ്യോഗസ്ഥർ, ടോൾ പ്ലാസാ അധികൃതർ, മുകുന്ദപുരം താലൂക്ക് തഹസിൽദാർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: പാലിയേക്കര ടോൾപ്ലാസ സംബന്ധിച്ച് കളക്ടറേറ്റിൽ നടന്ന അടിയന്തിര ആലോചനായോഗം***